# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റ് - സ്ഥലം മാറ്റം/ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.സി2/344/2017/കോവി.വ തീയതി 11.06.2018

---

പരാമർശം:- 1. 16-02-2018 തീയതിയിലെ ഇതേ നം ഉത്തരവ്.

2. 02-06-2018 തീയതിയിലെ സ.ഉ (സാധാ) നം.1109/2018/ഉ.വി.വ നം സർക്കാർ ഉത്തരവ്.

## ഉത്തരവ്

പ്രവേശന പരീക്ഷാ കമ്മിഷണറുടെ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച് അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിയമിക്കപ്പെട്ട ശ്രീ.ബി.സതീഷ് കുമാറിനെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം അന്യത്ര സേവനത്തിൽ തുടരാൻ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

പരാമർശം (1) ലെ ഉത്തരവ് പ്രകാരം അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിന്നും സ്ഥലംമാറ്റി പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ നിയമിക്കപ്പെട്ട ശ്രീ. സിനു.പി.ലാസർ, ഹോം സ്റ്റേഷനായ എറണാകുളം ജില്ലയിൽ ഒഴിവുണ്ടാകുന്നതു വരെ അട്ടപ്പാടി ഗവൺമെന്റ് കോളേജിൽ തുടരാൻ അനുവദിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. പരാമർശം (1) ലെ ഉത്തരവ് പ്രകാരം പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്ന ശ്രീ.സിനു.പി ലാസറിനെ അട്ടപ്പാടി രാജീവ് ഗാന്ധി സ്മാരക ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിലനിർത്തി ഉത്തരവാകുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ഒഴിവിൽ 27-12-2017 തീയതിയിലെ സി1/7454/2017/കോ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട സീനിയർ ക്ലർക്കുമാരുടെ മുൻഗണനാപട്ടികയിലെ ക്രമ നം.20 ഉം തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കുമായ ശ്രീ.പി.സി.ഷാജിയെ 27800 - 59400/- രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നൽകി പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം സ്ഥാനകയറ്റം ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
എ.സീതാലക്ഷ്മി അമ്മ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
0471-2305547
srao.colledn @ kerala.gov.in
//അംഗീകാരത്തോടെ//

3:5 9
വി.എസ്. 12.06.18

GOVERNMENT OF KERALA സൂപ്രണ്ട് 2017-18